ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഇന്ന് രാവിലെ 11 മണിക്ക്.

   **PM Modi to share his thoughts in 127th 'Mann Ki Baat' Today at 11 AM.**

2. മലേഷ്യയിൽ നടക്കുന്ന 22-ാമത് ആസിയാൻ ഇന്ത്യ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വെർച്വലായി പങ്കെടുക്കും.

   **Prime Minister Narendra Modi will virtually attend the 22nd ASEAN - India Summit today.**

3. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടികയിൽ 2.84 കോടി സമ്മതിദായകർ.

   **In Kerala, the final voters' list for the local body elections includes 2.84 crore voters.**

4. മോൻതാ ചുഴലിക്കാറ്റ് മുന്നൊരുക്കങ്ങൾ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിലയിരുത്തി.

   **Cabinet Secretary Reviews Preparedness for Montha Cyclone.**

5. കേരളത്തിൽ തെക്കൻ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യത. 6 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ഇടുക്കിയിൽ മണ്ണിടിച്ചിലിൽ ഒരു മരണം.

**There is a possibility of very heavy rainfall in the southern districts of Kerala. A yellow alert has been issued in six districts today. One death has been reported in Idukki due to landslide.**

6. ഐസിസി വനിതാ ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ - ബംഗ്ലാദേശ് മത്സരം.

**In the ICC Women's Cricket World Cup, India will face Bangladesh today.**

**&&&&&&&&&&&&&&&&&&**

## HEADLINE 1

### MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഇന്ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 127-ാം പതിപ്പാണിത്. തുടർന്ന് മലയാള പരിഭാഷയും ഉണ്ടായിരിക്കും. ദൂരദർശനും മൻ കി ബാത്ത് സംപ്രേഷണം ചെയ്യും. AIR NEWS വെബ് സൈറ്റിലും, NEWS ON AIR ആപ്പിലും PMO, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം തുടങ്ങിയവയുടെ YOUTUBE ചാനലുകളിലും പരിപാടി തത്സമയം ലഭ്യമാകും.

**&&&&&&&&&&&&&&&&&&**

## HEADLINE 2

### PM - ASEAN

മലേഷ്യയിലെ ക്വാലാലംപൂരിൽ നടക്കുന്ന 22-ാമത് ആസിയാൻ ഇന്ത്യ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വെർച്വലായി പങ്കെടുക്കും. പ്രധാനമന്ത്രിയും ആസിയാൻ

നേതാക്കളും ആസിയാൻ - ഇന്ത്യ ബന്ധത്തിലെ പുരോഗതി വിലയിരുത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. സമഗ്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള സംരംഭങ്ങളെ കുറിച്ചും ചർച്ച നടക്കും. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയം, ഇന്തോ പസഫിക്ക് കാഴ്ചപാട് തുടങ്ങിയവയുടെ പ്രധാന ഘടകമാണ് ആസിയാൻ ബന്ധത്തിന്റെ ശക്തിപെടുത്തൽ. നാളെ നടക്കുന്ന ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിൽ പ്രധാനമന്ത്രിയെ പ്രതിനിധീകരിച്ച് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## VICE PREZ SEYCHELLES

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ സീഷെൽസിലേക്ക് യാത്രതിരിച്ചു. സീഷൽസ് പ്രസിഡന്റിൻറ് പെട്രിക്ക് ഹെർമിനിയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിൽ ഇന്ത്യയുടെ അഭിനന്ദങ്ങൾ ശ്രീ സി പി രാധാകൃഷ്ണൻ നേരിട്ട് അറിയിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മഹാസാഗർ എന്ന ഇന്ത്യയുടെ കാഴ്ചപാടിൽ സുപ്രധാന പങ്കാളിത്തം വഹിക്കുന്ന രാജ്യമാണ് സീഷെൽസ്.

&&&&&&&&&&&&&&&&&&

## P HARISH (INTRO)

ജമ്മു കശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്നും എക്കാലത്തും അങ്ങനെ തന്നെ തുടരുമെന്നും ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ്. പാകിസ്ഥാൻ അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്ന ഇടങ്ങളിൽ നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾ അവസാനിപ്പിക്കണെമെന്നും അദ്ദേഹം യു എൻ സുരക്ഷാ കൗൺസിലിൽ നടന്ന ചർച്ചയിൽ പറഞ്ഞു.

(ഹോൾഡ് വോയ്സ്....)

**&&&&&&&&&&&&&&&&&&**

## SHIVRAJ FARMERS

പ്രധാൻ മന്ത്രി ധൻ ധാന്യ കൃഷി യോജനയിൽ രാമനാഥപുരം, ശിവഗംഗ, തൂത്തുകുടി, വിരുധുനഗർ ജില്ലകളെ ഉൾപ്പെടുത്തിയതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ. കർഷകരുടെ ക്ഷേമത്തിനായ് 36 പദ്ധതികൾ ഏകീകരിച്ചതായി വെല്ലൂരിൽ കർഷകരുമായി സംവദിക്കവേ അദ്ദേഹം പറഞ്ഞു. ദേശീയ പയർവർഗ്ഗ ദൗത്യം, പ്രകൃതിദത്ത കൃഷി എന്നിവ രാജ്യത്തെ പയറുവർഗ ഉത്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന കാഴ്ചപാടിന് ഊർജമേകുന്നതായും ശ്രീ ശിവരാജ് സിങ് അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## ASHWINI- IT

മൊബൈൽ ഫോൺ നിർമ്മാണ വ്യവസായത്തിൽ സ്വയംപര്യാപ്തതയിലേക്കുള്ള പാതയിലാണ് രാജ്യമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. രണ്ട് വർഷത്തിനുള്ളിൽ ഇന്ത്യ പൂർണ്ണമായും മൊബൈൽ ഫോൺ ഘടകങ്ങളുടെ ആഭ്യന്തര ഉൽപാദനശേഷി കൈവരിക്കും. ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. CCTV ഉൾപ്പെടെ വിവിധ ആപ്ലിക്കേഷനുകൾക്കുള്ള ചിപ് സെറ്റുകൾ രാജ്യം വികസിപ്പിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&**

## CYCLONE- MONTHA

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട മോൻത ചുഴലിക്കാറ്റ് നാളെ രാവിലെയോടെ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥ

വകുപ്പ്. ഇതോടെ ആന്ധ്രപ്രദേശ്, ഒഡീഷ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ അതിശക്തമായ മഴ ലഭിക്കാൻ സാധ്യതയുണ്ട്. ചൊവാഴ്ച വൈകിട്ടോടെ ആന്ധ്രാ പ്രദേശ് തീരത്തെ കക്കിനടയിൽ ചുഴലിക്കാറ്റ് കര തൊടുമെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. മത്സ്യത്തൊഴിലാളികൾ ഈ മാസം 29 വരെ ബംഗാൾ ഉൾക്കടലിൽ പോകരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEADLINE 4

## BENGAL CYCLONE -INTRO

മോൻതാ ചുഴലിക്കാറ്റിൻറെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ക്യാബിനറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇന്നലെ ദേശീയ ദുരന്ത നിവാരണ സമിതി യോഗം ചേർന്നു.

**വിശദാംശങ്ങളിലേക്ക്......**

(വോയിസ്)

## BENGAL CYCLONE- VOICE

മോൻതാ ചുഴലിക്കാറ്റ് ചൊവ്വാഴ്ചയോടെ തീവ്ര ചുഴലിക്കാറ്റായി ശക്തി പ്രാപിക്കാനും രാജ്യത്തിന്റെ കിഴക്കൻ, തെക്കൻ തീരങ്ങളിലൂടെ കടന്നുപോകാനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് സമിതിയെ അറിയിച്ചു. ചുഴലിക്കാറ്റ് കടന്നു പോകാൻ സാധ്യതയുള്ള പാതയിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച തയ്യാറെടുപ്പുകളെ കുറിച്ച് തമിഴ്നാട്, ആന്ധ്രാപ്രദേശ്, പുതുച്ചേരി, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ വിശദീകരിച്ചു. ഈ സംസ്ഥാനങ്ങളിലെ കേന്ദ്ര ഏജൻസികളുടെയും സർക്കാരുകളുടെയും തയ്യാറെടുപ്പ് നടപടികൾ ക്യാബിനറ്റ് സെക്രട്ടറി അവലോകനം ചെയ്തു. ദേശീയ

ദുരന്ത നിവാരണ സേന, കര- നാവിക- വ്യോമസേനകൾ, തീരസംരക്ഷണ സേന എന്നിവയുടെ സംഘങ്ങൾ രക്ഷാ -ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സജ്ജമാണ്. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും യോഗത്തിൽ പങ്കെടുത്ത വിവിധ മന്ത്രാലയങ്ങൾ അറിയിച്ചു.

**ന്യൂസ് ഡെസ്ക്, ആകാശവാണി.**

**&&&&&&&&&&&&&&&&&&**

## GST REFORMS -HEALTH CARE

പുതുക്കിയ ജിഎസ്ടി നിരക്കുകൾ ആരോഗ്യ മേഖലയ്ക്ക് ഏറെ ഗുണം ചെയ്യുന്നതായി കേന്ദ്ര സർക്കാർ. കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ 36 ജീവൻ രക്ഷാ മരുന്നുകളുടെ ജിഎസ്ടി എടുത്തുമാറ്റി. അവശ്യ മരുന്നുകളുടെ ജിഎസ്ടി 12 ശതമാനത്തിൽ നിന്നും അഞ്ച് ശതമാനമായി കുറച്ചു. ബാൻഡ് എയ്ഡ്, ഗ്ലൂക്കോമീറ്റർ, തെർമോ മീറ്റർ ഉൾപ്പടെയുള്ള മെഡിക്കൽ ഉപകരണങ്ങളുടെ ജിഎസ്ടിയും 12ൽ നിന്നും അഞ്ച് ശതമാനമായി കുറച്ചു.

**&&&&&&&&&&&&&&&&&&**

## HEADLINE 3

## LSGD ELECTION

കേരളത്തിൽ തദ്ദേശ സ്വയം ഭരണ പൊതുതിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടികയിൽ 2.84 കോടി വോട്ടർമാർ. വാർഡ് പുനർവിഭജനത്തിന് ശേഷം പുതിയ വാർഡുകളിലെ പോളിംഗ് സ്റ്റേഷനടിസ്ഥാനത്തിലാണ് പുതുക്കിയ അന്തിമവോട്ടർപട്ടിക. മട്ടന്നൂർ നഗരസഭ ഒഴികെയുള്ള

തദ്ദേശസ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിനാണ് വോട്ടർപട്ടിക തയ്യാറാക്കിയത്.

**&&&&&&&&&&&&&&&&&&**

## HEADLINE 5

## RAIN KERALA

കേരളത്തിൽ തെക്കൻ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം മുതൽ കാസർകോട് വരെയുള്ള ജില്ലകളിലും തൃശൂരിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തീരത്ത് മറ്റന്നാൾ വരെയും ലക്ഷദ്വീപ്, കർണാടക തീരത്ത് ബുധനാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**&&&&&&&&&&&&&&&&&&**

## IDUKKI- INTRO

ഇടുക്കിയിൽ കൊച്ചി - ധനുഷ്കോടി ദേശീയപാതയിലെ അടിമാലി കൂമ്പൻപാറ ലക്ഷം വീട് കോളനി ഭാഗത്തുണ്ടായ മണ്ണിടിച്ചിലിൽ ഒരാൾ മരിച്ചു. ബിജു എന്നയാളാണ് മരിച്ചത്. ഭാര്യ സന്ധ്യയെ ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി പത്തരയോടെയായിരുന്നു ദുരന്തം.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയിസ്)

**&&&&&&&&&&&&&&&&&&**

## HEADLINE 6

## ICC WOMENS CRICKET

ഐസിസി വനിതാ ക്രിക്കറ്റ് ലോക കപ്പിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. വൈകിട്ട് 3 മണിക്ക് നവി മുംബൈയിലാണ് മത്സരം. ഇന്ന് വിശാഖപട്ടണത്ത് നടക്കുന്ന മറ്റൊരു മത്സരത്തിൽ ന്യൂസിലൻഡ് ഇംഗ്ലണ്ടിനെ നേരിടും. ആദ്യ സെമി ഈ മാസം 29 നാണ്.

&&&&&&&&&&&&&&&&&&

## INDIA AUSTRALIA CRICKET

ഓസ്ട്രേലിയക്കെതിരായ അവസാന ഏകദിനത്തിൽ ഇന്ത്യക്ക് 9 വിക്കറ്റ് ജയം. സിഡ്നിയിൽ നടന്ന മത്സരത്തിൽ രോഹിത് ശർമ സെഞ്ചുറിയും വിരാട് കോഹ്ലി അർധസെഞ്ചുറിയും നേടി. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 47-ാാം ഓവറിൽ 236 റൺസിന് എല്ലാവരും പുറത്തായി. ഇന്ത്യ 39-ാാം ഓവറിൽ ലക്ഷ്യത്തിലെത്തി. ആദ്യ രണ്ടു മത്സരങ്ങൾ ജയിച്ച ഓസ്ട്രേലിയ നേരത്തേ പരമ്പര സ്വന്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## SCHOOL GAMES

കേരള സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. 1,472 പോയിന്റുമായാണ് ആതിഥേയർ ഒന്നാം സ്ഥാനത്ത് തുടരുന്നത്. തൃശൂർ രണ്ടാമതും പാലക്കാട് മൂന്നാമതുമാണ്. മേളയിലെ നീന്തൽ ചാമ്പ്യൻഷിപ്പിൽ തിരുവനന്തപുരം കിരീടം നേടി.

&&&&&&&&&&&&&&&&&&

## VIGYAN SREE AWARD

ശാസ്ത്ര സാങ്കേതിക മേഖലകളിലെ മികവിനുള്ള 2025 ലെ രാഷ്ട്രീയ വിഗ്യാൻ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. അന്തരിച്ച പ്രമുഖ ശാസ്ത്രജ്ഞൻ ജയന്ത് വിഷ്ണു നർലിക്കറിനാണ് വിഗ്യാൻ രത്ന പുരസ്കാരം. മലയാളികൾ ഉൾപ്പെടെ 8 പേർ വിഗ്യാൻ ശ്രീ

പുരസ്കാരവും, 14 പേർ വിഗ്യാൻ യുവ പുരസ്കാരവും നേടി. CSIR അരോമ മിഷനാണ് വിഗ്യാൻ ടീം അവാർഡ്. V.S.S.C പ്രോജക്ട് ഡയറക്ടറും മലയാളിയുമായ എൻ.ജയനാണ് ബഹിരാകാശ സാങ്കേതിക വിദ്യാ വിഭാഗത്തിൽ പുരസ്കാരം ലഭിച്ചത്.

&&&&&&&&&&&&&&&&&&

## CHHATH - KHARNA

ഛഠ് പൂജയുടെ രണ്ടാം ദിനമായ ഖർന ഇന്ന്. വിശ്വാസികൾ ഇന്ന് ഭക്ഷണവും വെള്ളവും ഉപേക്ഷിച്ച് വ്രതം ആചരിക്കുന്നു. സൂര്യ ഭഗവാന് പൂജകൾ അർപ്പിച്ച ശേഷമാണ് വ്രതം അവസാനിപ്പിക്കുന്നത്. ഇന്നലെയാണ് നാലു ദിവസം നീണ്ടു നിൽക്കുന്ന ഛഠ് പൂജകൾക്ക് തുടക്കമായത്. ഛഠ് പൂജയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

## RAILWAY-CHHATH POOJA

ഛഠ് പൂജ ആഘോഷങ്ങളോടനുബന്ധിച്ച് വിപുലമായ യാത്രാസൗകര്യം ഒരുക്കി ഇന്ത്യൻ റെയിൽവേ. തിരക്ക് കണക്കിലെടുത്ത് 6,181 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുന്നുണ്ട്. ഈ ഉത്സവകാലയളവിൽ ട്രെയിൻ യാത്ര ചെയ്യുവരുടെ എണ്ണം 2.5 കോടിയായി ഉയരുമെന്ന് റെയിൽവെ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## RAM MOHAN NAIDU DELHI AIRPORT

ദില്ലി ഇന്ദിര ഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നവീകരിച്ച രണ്ടാമത്തെ ടെർമിനലിന്റെ ഉത്ഘാടനം കേന്ദ്ര മന്ത്രി റാം മോഹൻ നായിഡു നിർവഹിച്ചു. വ്യോമയാന മേഖല

വികസനപാതയിലാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്ന് മുതൽ യാത്രാ സേവനങ്ങൾക്കായി ടെർമിനൽ -2 വീണ്ടും തുറക്കും. അഞ്ച് മാസത്തെ ഇടവേളയ്ക്ക് ശേഷമാണ് നവീകരിച്ച ടെർമിനൽ തുറക്കുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&